LIBRARY ARCHIVES Kerala Legislative Assembly

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ നടപടി

139 [452] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

„ കെ. കെ. ജയചന്ദ്രൻ:

„ വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾക്ക് ക്രമാതീതമായി വില വർദ്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനും ന്യായവിലയ്ക്ക് ഭക്ഷ്യ സാധനങ്ങൾ ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) എതെല്ലാം നിത്യോപയോഗ സാധനങ്ങളുടെ വിലയിലാണ് 2005 ആഗസ്റ്റ് മാസത്തിൽ ഉള്ളതിനേക്കാൾ വർദ്ധനവ് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) 2005 ആഗസ്റ്റിൽ നിത്യോപയോഗ സാധനങ്ങളുടെ വില എത്രയായിരുന്നുവെന്നും, 2006 ജനുവരി 15-ന് നിത്യോപയോഗ സാധനങ്ങളുടെ വില എത്രയാണെന്നും കാണിക്കുന്ന സ്റ്റേറ്റ്മെന്റിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചിട്ടില്ല.

(ബി) പൊതുകമ്പോളത്തിലെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിച്ച് സാധാരണക്കാർക്ക് ആവശ്യമായ സാധനങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്യുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇപ്പോൾ 2284 ചില്ലറ വിൽപ്പന ശാലകളിലൂടെ ഒരോ മാസവും സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് ആവശ്യ സാധനങ്ങൾ വിതരണം ചെയ്തുവരുന്നു. പൊതുകമ്പോളത്തിലെ വിലയേക്കാൾ 10% മുതൽ 15% വരെ വിലകുറച്ചാണ് സപ്ലൈകോ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തുവരുന്നത്. കൂടാതെ ഉത്സവകാലങ്ങളിലും മറ്റ് അടിയന്തിര സാഹചര്യങ്ങളിലും വിലക്കയറ്റത്തെ ഫലപ്രദമായി നേരിടുന്നതിന് സപ്ലൈകോ മാർക്കറ്റിൽ ശക്തമായ ഇടപെടൽ നടത്താറുണ്ട്.

(സി) അരി, ചെറുപയർ, ചെറുപയർ പരിപ്പ്, ഉഴുന്ന് പിളർന്നത്, പഞ്ചസാര, കൊത്തമല്ലി, മുളക്, ഉള്ളി, ജീരകം, കടുക്, ഉലുവ, മഞ്ഞൾ, വെളുത്തുള്ളി, ഉരുളക്കിഴങ്ങ് എന്നീ നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ 2005 ആഗസ്റ്റ് മാസത്തിൽ ഉള്ളതിനേക്കാൾ നേരിയ വർദ്ധനവ് വന്നിട്ടുണ്ട്. എന്നാൽ തുവരപ്പരിപ്പ്, വെളിച്ചെണ്ണ, കടലയെണ്ണ എന്നീ ഇനങ്ങൾക്ക് വിലക്കുറവും ഉണ്ടായിട്ടുണ്ട്.

(ഡി) 2005 ആഗസ്റ്റ് മാസത്തേയും 2006 ജനുവരി മാസത്തേയും നിത്യോപയോഗ സാധനങ്ങളുടെ ശരാശരി വിലനിലവാരം കാണിക്കുന്ന സ്റ്റേറ്റ്മെന്റിന്റെ കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട് †.

റേഷൻ കടകൾ വഴി പ്രൊവിഷൻ സാധനങ്ങൾ വിൽക്കുന്ന സംവിധാനം

140 [453] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

" ലൂഡി ലൂയിസ്:

" എ. കെ. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ കാര്യവും വകുപ്പുമന്ത്രി സദയം മറുപടി അരുമോ :

(എ) റേഷൻ കടകൾവഴി പ്രൊവിഷൻ സാധനങ്ങൾ വിൽക്കുന്ന സംവിധാനം ആരംഭിച്ചുവോ;

(ബി) എങ്കിൽ എന്തെല്ലാം സാധനങ്ങളാണ് റേഷൻ കടകൾവഴി വിൽക്കുന്നതെന്ന് അറിയിക്കാമോ;

(സി) റേഷൻ കടകൾ വഴി വിൽക്കുന്ന സാധനങ്ങൾക്കും മാവേലി സ്റ്റോറുകൾ വഴി വിൽക്കുന്ന സാധനങ്ങൾക്കും ഒരേ വിലതന്നെയാണോ നിശ്ചയിച്ചിട്ടുള്ളത്;

(ഡി) എത്ര റേഷൻ കടകൾവഴിയാണ് ഈ സാധനങ്ങൾ വിറ്റുവരുന്നത്;

(ഇ) കൂടുതൽ റേഷൻ കടകൾ മുഖേന ഇവ വിൽക്കുവാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) റേഷൻ കടകളെ "സപ്ലൈകോ ശബരിസ്റ്റാർ" ആയി തിരഞ്ഞെടുത്ത് പ്രൊവിഷൻ സാധനങ്ങൾ വിൽക്കുന്ന ഒരു പദ്ധതി സപ്ലൈകോ ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ സ്റ്റോറുകൾവഴി മാവേലി സാധനങ്ങൾ, സപ്ലൈകോ ശബരി ബ്രാന്റ് ഉൽപ്പന്നങ്ങൾ, മറ്റ് വേഗത്തിൽ വിറ്റഴിക്കപ്പെടുന്ന നോൺ മാവേലി സാധനങ്ങൾ എന്നിവ വിതരണം ചെയ്തുവരുന്നു.

(സി) തിരഞ്ഞെടുത്ത ശബരി സ്റ്റോറുകളിലൂടെ മാവേലി സ്റ്റോറിലെ വിലയ്ക്ക് അരിയാണ് സാധനങ്ങൾ വിതരണം ചെയ്യുന്നത്.

(ഡി) ഇതിനോടകം കേരളത്തിലെ വിവിധ സ്ഥലങ്ങളിലായി 196 ശബരി സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

(ഇ) കൂടുതൽ റേഷൻ കടകളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു.

അന്ത്യോദയ അന്നയോജന പദ്ധതിയിലെ ഗുണഭോക്താക്കൾ

141 [454] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ കാര്യവും വകുപ്പുമന്ത്രി സദയം മറുപടി അരുമോ :

† അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly

4. Arapuzha Bridge
5. Amaravila Bridge
6. Thampanoor Bridge
7. Thazhikodu Bridge
8. Karamana Bridge
9. Killi Bridge
10. Irumpupalam bridge

അനുബന്ധം XIV

[8-2-2006-ലെ നക്ഷത്ര ചിഹ്നമിടാത്ത 139[452]-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

2006 ആഗസ്റ്റ് 2005 ജനുവരി മാസങ്ങളിലെ ശരാശരി വിലനിലവര പട്ടിക:

നമ്പർ	അവശ്യസാധനങ്ങളുടെ പേര്	യൂണിറ്റ്	ശരാശരി വിലനിലവാരം	
			ആഗസ്റ്റ് 2005	ജനുവരി 2006
1.	അരി (മട്ട)	കി.ഗ്രാം	11.35	13.70
2.	പച്ചരി	,,	34.66	37.25
3.	പച്ചരി പൊടി	,,	36.25	39.29
4.	ഉഴുന്ന് പിളർന്നത് (തൊലിയുള്ളത്)	,,	31.96	41.77
5.	തുവരപ്പരിപ്പ്	,,	34.39	33.68 (-)
6.	പഞ്ചസാര	,,	18.86	18.63
7.	പാൽ	ലിറ്റർ	14.93	14.93
8.	വെളിച്ചെണ്ണ	കി. ഗ്രാം	58.52	53.11 (-)
9.	കടലയെണ്ണ	,,	68.60	68.58 (-)
10.	കൊത്തമല്ലി	,,	30.23	33.18
11.	മുളക്	,,	32.66	43.84
12.	ഉള്ളി (ചെറുത്)	,,	11.96	17.41
13.	ജീരകം	കി. ഗ്രാം	112.50	113.80
14.	കടുക്	,,	29.84	30.29
15.	ഉലുവ	,,	27.86	27.98
16.	മഞ്ഞൾ	,,	47.71	48.38
17.	വെളുത്തുള്ളി	,,	27.43	37.84
18.	ഉരുളക്കിഴങ്ങ്	,,	10.59	18.10

LIBRARY ARCHIVES Kerala Legislative Assembly